**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3605** — **11/12/2018 ൽ** മറുപടിക്ക്

**ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്ഥലം അനുവദിക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| **എ** | കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽപ്പെട്ടതും സ്ഥല വിസ്തൃതി കുറഞ്ഞതുമായ ഇടക്കൊച്ചി പ്രദേശത്ത് അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്ആരംഭിക്കുവാൻ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിൽ കോർപ്പറേഷൻ വക 3 ഏക്കറോളം വരുന്ന സ്ഥലം ഉണ്ടായിട്ടും പ്രദേശവാസികളുടെ അടിയന്തര ആവശ്യമായ പ്രസ്തുത ഓഫീസ് ആരംഭിക്കുവാൻ ആവശ്യമായ സ്ഥലം അനുവദിക്കാതെ പ്രദേശ വാസികൾക്ക് ആവശ്യമില്ലാത്ത മറ്റ് പദ്ധതികൾക്കായി പ്രസ്തുത സ്ഥലം അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാമോ; | **എ)** കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖലാ 16-ാം ഡിവിഷനിൽ നഗരസഭാ വക സ്ഥലത്ത് NULM ,(ദേശീയ നഗര ഉപജീവന ദൗത്യം) മുഖേന 'Night Shelter' അമൃത് പദ്ധതിയുടെ കീഴിൽ ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നഗരസഭയിൽ നിലവിലുണ്ട്. ബാക്കിയുള്ള സ്ഥലത്ത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി സ്വീകരിക്കുന്നതാണ്. |
| **ബി** | ഇതു സംബന്ധിച്ച് എം.എൽ.എ. 10.04.2018-ൽ സമർപ്പിച്ച നിവേദന- ത്തിൽ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | **ബി)** ഇല്ല |
| **സി** | ഇടക്കൊച്ചി പ്രദേശത്തെ ജനങ്ങൾ നേരിടുന്ന വൈദ്യുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി അനുവദിച്ച സെക്ഷൻ ഓഫീസിനായി പ്രസ്തുത സ്ഥലത്ത് നിന്ന് 10 സെന്റ് അനുവദിക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നതിനും ബാക്കിയുള്ള സ്ഥലത്ത് കോർപ്പറേഷന്റെ പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | **സി)** കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ